## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം 2

## 2018 ഡിസംബർ,6

**നമ്പർ: 580**

**<u>2018 ഡിസംബർ 12, 13 തീയതികളിൽ പരിഗണിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾക്ക് ഭേദഗതി വരുത്തിയത് സംബന്ധിച്ച്</u>**

2018 ഡിസംബർ 12, 13 എന്നീ തീയതികളിൽ സഭയിൽ ചർച്ചയ്ക്ക് എടുക്കുവാൻ നിശ്ചയിച്ചിരുന്നതും 2018 നവംബർ 29-ാം തീയതിയിലെ ഭാഗം-2 ബുള്ളറ്റിൻ നം. 561 പ്രകാരം അറിയിച്ചിരുന്നതുമായ ചുവടെ ചേർത്തിട്ടുള്ള ബില്ലുകൾ പരസ്പരം മാറ്റി പരിഗണിക്കാൻ 2018 ഡിസംബർ 6-ാം തീയതി സഭ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ബില്ലുകളിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിനും ബില്ലിലെ വകുപ്പുകൾക്കും ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള സമയക്രമത്തിൽ താഴെ പറയുന്ന പ്രകാരമുള്ള പുന:ക്രമീകരണം നടത്തിയിട്ടുള്ള വിവരം അംഗങ്ങളെ അറിയിക്കുന്നു. നറുക്കെടുപ്പ് നടത്തുന്ന സ്ഥലം, സമയം എന്നിവയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

| ക്രമ നം | ബില്ലിന്റെ പേര് | ബിൽ സഭയുടെ മുമ്പാകെ വരുന്ന തീയതി | ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള തീയതിയും സമയവും | |
|---|---|---|---|---|
| | | | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിലെ വകുപ്പു തിരിച്ചുള്ള ഭേദഗതി |
| 1 | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ | 2018 ഡിസംബർ 12, ബുധൻ | 2018 ഡിസംബർ 9, ഞായർ ഉച്ചയ്ക്ക് 12.00 മണി | 2018 ഡിസംബർ 9, ഞായർ ഉച്ചയ്ക്ക് ശേഷം 03.00 മണി |
| 2 | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ | 2018 ഡിസംബർ 13, വ്യാഴം | 2018 ഡിസംബർ 10, തിങ്കൾ ഉച്ചയ്ക്ക് 12.00 മണി | 2018 ഡിസംബർ 10, തിങ്കൾ ഉച്ചയ്ക്ക് ശേഷം 3.00 മണി |

**വി.കെ. ബാബുപ്രകാശ്,**
**സെക്രട്ടറി.**